# പതിനാലാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1499** **30.01.2018-ൽ മറുപടിയ്ക്ക്**

**<u>ഭൂതത്താൻകെട്ട് മൾട്ടി സ്പീഷ്യസ് ഇക്കോ ഹാച്ചറി</u>**

| ചോദ്യം<br>ശ്രീ. ആന്റണി ജോൺ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കോതമംഗലത്തെ കീരംപാറ പഞ്ചായത്തിൽ ഊരികുളം എന്ന സ്ഥലത്ത് ഭൂതത്താൻകെട്ട് മൾട്ടി സ്പീഷ്യസ് ഇക്കോ ഹാച്ചറി പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ടോ; | എ) ഇല്ല. |
| ബി) ആവശ്യമായ ഫണ്ട് ഉണ്ടായിട്ടും ഹാച്ചറി പൂർണ്ണ പ്രവർത്തനക്ഷമതയിലെത്തുവാൻ കഴിയാത്ത സാഹചര്യം വിശദീകരിക്കുമോ; | ബി) ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വന്ന കാലതാമസവും മൺകുളങ്ങൾ, ഓവർഹെഡ്ടാങ്ക്, പമ്പ് ഹൗസ്, ഫീഡ് മിൽ പ്ലാന്റ് മുതലായ അവശ്യ ഘടകങ്ങൾ പൂർത്തീകരിക്കാത്തതുമാണ് ഹാച്ചറിയെ പൂർണ്ണ പ്രവർത്തനക്ഷമതയിലെത്തിക്കുവാൻ കഴിയാത്തത്. |
| സി) ഹാച്ചറികളുടെ രണ്ടാംഘട്ട പ്രവർത്തനം ഏത് സ്റ്റേജിലാണെന്നും എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നും വിശദമാക്കാമോ; | സി) ഭരണാനുമതി നൽകിയ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ ശേഷം ഹാച്ചറിയുടെ ശേഷി പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്ന മുറയ്ക്ക് രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| ഡി) ഹാച്ചറിയിൽ നിന്നും പൂർണ്ണ തോതിൽ മത്സ്യോത്പദനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | ഡി) നിലവിൽ ഭരണാനുമതി നൽകിയതിൽ അവശേഷിക്കുന്ന പ്രവർത്തികൾ ഒരു വർഷത്തിനകം പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണ തോതിൽ മത്സ്യോല്പാദനത്തിന് സജ്ജമാക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**